# അവതാരിക

# അദ്ധ്യായം I
# അവതാരിക

## 1.1 ഈ റിപ്പോർട്ടിനെ കുറിച്ച്

ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ (സി ആന്റ് എജി) ഈ റിപ്പോർട്ട്, തെരഞ്ഞെടുത്ത പരിപാടികളുടെയും പ്രവർത്തനങ്ങളുടെയും പ്രവർത്തനക്ഷമതാ ഓഡിറ്റ്, സർക്കാർ വകുപ്പുകളുടെയും സ്വയംഭരണ സ്ഥാപനങ്ങളുടെയും അനുവർത്തന ഓഡിറ്റ് എന്നിവയിൽ നിന്നും ഉയർന്നുവന്ന കാര്യങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു.

പരിപാടിയുടെ/പദ്ധതിയുടെ/വകുപ്പിന്റെ ലക്ഷ്യങ്ങൾ ആവശ്യാനുസൃതവും കാര്യക്ഷമവും ഫലപ്രദവുമായ രീതിയിൽ നേടിയിട്ടുണ്ടോ എന്ന് പ്രവർത്തനക്ഷമതാ ഓഡിറ്റിൽ പരിശോധിക്കുന്നു. മറ്റൊരു വശത്ത്, ഇന്ത്യയുടെ ഭരണഘടനാ വ്യവസ്ഥകൾ, ബന്ധപ്പെട്ട നിയമങ്ങൾ, ചട്ടങ്ങൾ, വ്യവസ്ഥകൾ, ഉത്തരവാദപ്പെട്ട അധികാരികൾ ഇറക്കിയ ഉത്തരവുകൾ, നിർദ്ദേശങ്ങൾ എന്നിവ പാലിക്കപ്പെടുന്നുണ്ടോ എന്നറിയുന്നതിനു വേണ്ടി ഓഡിറ്റ് ചെയ്യപ്പെട്ട സ്ഥാപനങ്ങളുടെ ചെലവുമായി ബന്ധപ്പെട്ട ഇടപാടുകളുടെ പരിശോധനയാണ് അനുവർത്തന ഓഡിറ്റ് പരാമർശിക്കുന്നത്.

ഈ റിപ്പോർട്ടിന്റെ പ്രാഥമിക ലക്ഷ്യം ഓഡിറ്റിന്റെ പ്രധാനപ്പെട്ട ഫലങ്ങൾ സംസ്ഥാനനിയമസഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുകയെന്നുള്ളതാകുന്നു. ഓഡിറ്റിന്റെ കണ്ടെത്തലുകൾ ഭരണാധികാരികൾക്ക് തിരുത്തൽ നടപടികൾ കൈക്കൊള്ളുന്നതിനും, സ്ഥാപനങ്ങളുടെ സാമ്പത്തിക പരിപാലനം മെച്ചപ്പെടുത്തുന്നതിലേക്ക് നയിക്കുന്ന നയങ്ങളും പൊതുനിർദ്ദേശങ്ങളും ഉണ്ടാക്കുന്നതിനും സഹായകമാവുകയും അങ്ങനെ നല്ല ഭരണക്രമത്തിന് വഴിതെളിയിക്കുകയും ചെയ്യുന്നു.

ഈ അദ്ധ്യായം, ഓഡിറ്റിന്റെ ആസൂത്രണവും, വ്യാപ്തിയും വിവരിക്കുന്നതോടൊപ്പം തെരഞ്ഞെടുത്ത പദ്ധതികൾ നടപ്പാക്കുന്നതിലുള്ള സുപ്രധാന പോരായ്മകളുടെയും നേട്ടങ്ങളുടെയും സംഗ്രഹം, പ്രവർത്തനക്ഷമതാ ഓഡിറ്റും അനുവർത്തന ഓഡിറ്റും നടത്തുമ്പോൾ ഉണ്ടായ സുപ്രധാന ഓഡിറ്റ് നിരീക്ഷണങ്ങൾ, മുൻകാല ഓഡിറ്റ് റിപ്പോർട്ടുകളുടെ തുടർനടപടികൾ എന്നിവയെക്കുറിച്ചും പ്രതിപാദിക്കുന്നു.

## 1.2 ഓഡിറ്റിന്റെ അധികാരപരിധിയിൽ വരുന്ന യൂണിറ്റുകളുടെ രൂപരേഖ

സംസ്ഥാനത്ത് 2016-17-ൽ സെക്രട്ടറിയേറ്റ് തലത്തിൽ 43 വകുപ്പുകളുണ്ട്. സെക്രട്ടറിയേറ്റ് തലത്തിലുള്ള 30 വകുപ്പുകൾ, അതിനു കീഴിലുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾ/സ്വയംഭരണ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഓഡിറ്റ് അക്കൗണ്ടന്റ് ജനറൽ (ജനറൽ ആന്റ് സോഷ്യൽ സെക്ടർ ഓഡിറ്റ്) കേരള (എജി (ജി ആന്റ് എസ്എസ്എ)) നടത്തുന്നു. വകുപ്പുകൾക്ക് അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ നേതൃത്വം നൽകുന്നു. അവരുടെ കീഴിൽ അവരെ സഹായിക്കുന്നതിനായി ഡയറക്ടർമാരും, കമ്മീഷണർമാരും,

സഹഉദ്യോഗസ്ഥരുമുണ്ട്. 19 വകുപ്പുകൾ[1] അക്കൗണ്ടന്റ് ജനറൽ (ഇക്കണോമിക് ആന്റ് റവന്യൂ സെക്ടർ ഓഡിറ്റ്), കേരള (എജി (ഇ ആന്റ് ആർഎസ്എ)) ഓഡിറ്റ് നടത്തുന്നു.

2016-17 കാലയളവിലും അതിനു മുമ്പുള്ള രണ്ടു വർഷങ്ങളിലും സർക്കാർ നടത്തിയ ചെലവുകളുടെ താരതമ്യപഠനം **പട്ടിക 1.1**-ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 1.1: ചെലവിന്റെ താരതമ്യ പഠനം**

***(₹ കോടിയിൽ)***

| ചെലവുകൾ | 2014-15 | | | 2015-16 | | | 2016-17 | | |
|---|---|---|---|---|---|---|---|---|---|
| | പദ്ധതി | പദ്ധതിയേതരം | ആകെ | പദ്ധതി | പദ്ധതിയേതരം | ആകെ | പദ്ധതി | പദ്ധതിയേതരം | ആകെ |
| **റവന്യൂ ചെലവുകൾ** | | | | | | | | | |
| പൊതു സേവനങ്ങൾ | 133.76 | 31298.99 | 31432.75 | 116.98 | 35967.70 | 36084.68 | 181.39 | 41013.94 | 41195.33 |
| സാമൂഹിക സേവനങ്ങൾ | 5893.10 | 17825.01 | 23718.11 | 7591.56 | 20011.73 | 27603.29 | 9773.34 | 23991.38 | 33764.72 |
| സാമ്പത്തിക സേവനങ്ങൾ | 4255.73 | 5941.84 | 10197.57 | 4369.95 | 6728.47 | 11098.42 | 3537.62 | 7117.73 | 10655.35 |
| ധനസഹായങ്ങളും സംഭാവനകളും | | 6398.00 | 6398.00 | | 3903.08 | 3903.08 | | 5480.91 | 5480.91 |
| **ആകെ** | **10282.59** | **61463.84** | **71746.43** | **12078.49** | **66610.98** | **78689.47** | **13492.35** | **77603.96** | **91096.31** |
| **മൂലധന ചെലവുകൾ** | | | | | | | | | |
| മൂലധന ചെലവുകൾ | 3880.54 | 374.05 | 4254.59 | 6518.48 | 981.56 | 7500.04 | 8945.65 | 1180.30 | 10125.95 |
| കടവും മുൻകൂറും നൽകിയത് | | | 743.09 | 407.61 | 434.64 | 842.25 | 375.25 | 785.04 | 1160.29 |
| പൊതുകടം തിരിച്ചടച്ചത് | | | 5842.77 | | | 6060.73 | | | 7706.01 |
| ആകസ്മിക നിധി | | | 0.00 | | | 0.00 | | | 0.00 |
| പൊതുകണക്കിൽ നിന്നുള്ള കൊടുക്കലുകൾ | | | 136242.59 | | | 162824.67 | | | 179910.43 |
| **ആകെ** | | | **147083.04** | | | **177227.69** | | | **198902.68** |
| **മൊത്തം** | | | **218829.47** | | | **255917.16** | | | **289998.99** |

## 1.3 ഓഡിറ്റു ചെയ്യുന്നതിനുള്ള അധികാരം

സി ആന്റ് എജിയ്ക്ക് ഓഡിറ്റ് ചെയ്യാനുള്ള അധികാരം ലഭിച്ചിരിക്കുന്നത് ഇന്ത്യൻ ഭരണഘടനയുടെ അനുഛേദം 149 ഉം 151 ഉം അനുസരിച്ചും, 1971-ലെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ (ചുമതലകൾ, അധികാരങ്ങൾ, സേവന വ്യവസ്ഥകൾ) (സി ആന്റ് എജിയുടെ (ഡിപിസി) നിയമം) നിയമവുമനുസരിച്ചാണ്. കേരള സർക്കാരിന്റെ വകുപ്പുകളിലെ ചെലവുകളുടെ ഓഡിറ്റ് സി ആന്റ് എജി നടത്തുന്നത് സി ആന്റ് എജിയുടെ (ഡിപിസി) നിയമത്തിലെ 13-ാം വിഭാഗത്തിന്റെ കീഴിലാണ്. 24 സ്വയംഭരണ സ്ഥാപങ്ങളുടെ ഏക ഓഡിറ്റർ സി ആന്റ് എജിയാകുന്നു. ഇത് സി ആന്റ് എജിയുടെ (ഡിപിസി) നിയമത്തിലെ 19, 20(1) വിഭാഗത്തിന്റെ കീഴിലാകുന്നു. ഇതുകൂടാതെ, സർക്കാർ ഗണ്യമായി സാമ്പത്തികസഹായം നൽകുന്ന 258 മറ്റു സ്വയംഭരണ സ്ഥാപനങ്ങളുടെയും ഓഡിറ്റ് സി ആന്റ് എജിയുടെ (ഡിപിസി) നിയമത്തിലെ 14-ഉം 15-ഉം വിഭാഗത്തിന്റെ കീഴിൽ സി ആന്റ് എജി നടത്തുന്നു.

[1] എജി (ഇ ആന്റ് ആർഎസ്എ) ഓഡിറ്റ് നടത്തുന്ന ധനകാര്യം, ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യം, ആസൂത്രണ സാമ്പത്തിക കാര്യം, പൊതുമരാമത്ത്, റവന്യൂ, ജലവിഭവം, എന്നീ ആറ് വകുപ്പുകൾ എജി (ജി ആന്റ് എസ്എസ്എ) കൂടി ഓഡിറ്റ് നടത്തുന്നു.

ഇതു കൂടാതെ 1,216 വിദ്യാഭ്യാസ സ്ഥാപനങ്ങളും[2], 24 പൊതുമേഖലാ സ്ഥാപനങ്ങളും, പൊതുമരാമത്ത് വകുപ്പിലെ ബിൽഡിംഗ്സ് ഡിവിഷൻ, 1,200 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ[3] എന്നിവ ജനറൽ ആന്റ് സോഷ്യൽ സെക്ടറിന്റെ ഓഡിറ്റ് പരിധിയിൽ വരുന്നവയാണ്. വിവിധ ഓഡിറ്റുകളുടെ തത്ത്വങ്ങളും രീതികളും സി ആന്റ് ഏജി പുറത്തിറക്കിയിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡ്സ് ആന്റ് ദ റഗുലേഷൻസ് ഓൺ ഓഡിറ്റ് ആന്റ് അക്കൗണ്ട്സ്, 2007-ൽ നിഷ്കർഷിച്ചിരിക്കുന്നു.

## 1.4 അക്കൗണ്ടന്റ് ജനറൽ (ജി ആന്റ് എസ്എസ്എ)യുടെ ഓഫീസിന്റെ ഘടനാനില

സി ആന്റ് എജിയുടെ നിർദ്ദേശപ്രകാരം സംസ്ഥാനമൊട്ടാകെ വ്യാപിച്ചു കിടക്കുന്ന ജനറൽ, സോഷ്യൽ എന്നീ സെക്ടറുകളുടെ കീഴിലുള്ള സർക്കാർ വകുപ്പുകൾ, ഓഫീസുകൾ, സ്വയംഭരണ സ്ഥാപനങ്ങൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയുടെ ഓഡിറ്റ് കേരളത്തിലെ അക്കൗണ്ടന്റ് ജനറൽ (ജി ആന്റ് എസ്എസ്എ) നടത്തുന്നു. എജി (ജി ആന്റ് എസ്എസ്എ)യെ നാലു ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽമാർ സഹായിക്കുന്നു.

## 1.5 ഓഡിറ്റിന്റെ ആസൂത്രണവും നടത്തിപ്പും

വകുപ്പുകൾ നേരിട്ട ചെലവ്, പ്രവർത്തനങ്ങളുടെ സങ്കീർണ്ണത/നിർണ്ണായകാവസ്ഥ, സാമ്പത്തിക അധികാരങ്ങൾ വിവിധ തലങ്ങളിൽ ഏല്പിച്ചുകൊടുത്തത്, മൊത്തത്തിലുള്ള ആന്തരിക നിയന്ത്രണത്തെക്കുറിച്ചുള്ള വിലയിരുത്തൽ, സ്റ്റേക്ക് ഹോൾഡർമാരുടെ ആശങ്ക എന്നിവയുടെ അടിസ്ഥാനത്തിൽ വിവിധ സർക്കാർ വകുപ്പുകൾ നേരിടുന്ന അപകടസാദ്ധ്യതകൾ വിലയിരുത്തിയാണ് ഓഡിറ്റ് നടപടികൾ ആരംഭിക്കുന്നത്. മുൻവർഷങ്ങളിലെ ഓഡിറ്റ് കണ്ടെത്തലുകളും ഈ ഉദ്യമത്തിൽ പരിഗണിക്കാറുണ്ട്. ഈ അപകടസാദ്ധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റിന്റെ ആവർത്തിയും, ദൈർഘ്യവും തീരുമാനിക്കുന്നു.

ഓരോ യൂണിറ്റിന്റെയും ഓഡിറ്റ് പൂർത്തിയാക്കിയതിനു ശേഷം ഓഡിറ്റ് കണ്ടെത്തലുകൾ ഉൾക്കൊള്ളുന്ന പരിശോധനാ റിപ്പോർട്ടുകൾ ഓഫീസ്/വകുപ്പു തലവൻമാർക്ക് നൽകുന്നു. വകുപ്പുകൾ പരിശോധനാ റിപ്പോർട്ടുകൾ ലഭിച്ച തീയതി മുതൽ നാലാഴ്ചയ്ക്കുള്ളിൽ ഓഡിറ്റ് കണ്ടെത്തലുകൾക്ക് മറുപടി നൽകേണ്ടതാകുന്നു. മറുപടികൾ ലഭിക്കുന്ന സമയത്ത് ഓഡിറ്റ് കണ്ടെത്തലുകൾ തീർപ്പാക്കുകയോ അല്ലെങ്കിൽ നിയമം അനുസരിക്കുന്നതിന് തുടർനടപടികൾ ഉപദേശിക്കുകയോ ചെയ്യുന്നു. ഈ പരിശോധനാ റിപ്പോർട്ടുകളിൽ നിന്നും ഉയർന്നുവരുന്ന പ്രധാനപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെടുത്തുന്നതിന് വേണ്ടി തയ്യാറാക്കുകയും, അവ ഇന്ത്യൻ ഭരണഘടനയുടെ അനുഛേദം 151 പ്രകാരം നിയമസഭയിൽ വയ്ക്കുന്നതിന് സംസ്ഥാന ഗവർണർക്ക് സമർപ്പിക്കുകയും ചെയ്യുന്നു.

എജി (ജി ആന്റ് എസ്എസ്എ)യുടെ കീഴിൽ വരുന്ന വിവിധ വകുപ്പുകൾ/സ്ഥാപനങ്ങളിലെ 1,915 യൂണിറ്റുകളിൽ ഓഡിറ്റു നടത്തുന്നതിന് (പ്രവർത്തനക്ഷമതാ, അനുവർത്തന, സാമ്പത്തിക ഓഡിറ്റുകൾ) 2016-17 കാലയളവിൽ 12,866 പാർട്ടി ദിവസങ്ങൾ വിനിയോഗിച്ചു. ഞങ്ങളുടെ

---

[2] സർക്കാർ-എയ്ഡഡ് കോളേജുകൾ: 243
സർക്കാർ-എയ്ഡഡ് ഹയർസെക്കന്ററി സ്കൂളുകൾ: 845
സർക്കാർ-എയ്ഡഡ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾ: 128

[3] ഗ്രാമപഞ്ചായത്തുകൾ: 941, ബ്ളോക്ക് പഞ്ചായത്തുകൾ: 152, ജില്ലാ പഞ്ചായത്തുകൾ: 14, മുനിസിപ്പൽ കോർപ്പറേഷനുകൾ: 6, മുനിസിപ്പാലിറ്റികൾ: 87.

അപകടസാദ്ധ്യതാ വിലയിരുത്തലിൽ കണ്ട പ്രബലമായ നഷ്ടം സംഭവിക്കുന്നതിന് സാധ്യതയുള്ള യൂണിറ്റുകളും/സ്ഥാപനങ്ങളും ഓഡിറ്റിന്റെ ആസൂത്രണത്തിൽ ഉൾപ്പെടുത്തി.

## 1.6 പ്രധാനപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ

### 1.6.1 പ്രോഗ്രാമുകൾ/പ്രവർത്തനങ്ങൾ/വകുപ്പുകൾ എന്നിവയുടെ പ്രവർത്തനക്ഷമതാ ഓഡിറ്റ്

അദ്ധ്യായം II ൽ 'ദേശീയ ആരോഗ്യദൗത്യം - പ്രത്യുൽപാദനവും ശിശുആരോഗ്യവും രോഗപ്രതിരോധവും' എന്നതിന്റെ പ്രവർത്തനക്ഷമതാ ഓഡിറ്റും, അദ്ധ്യായം III ൽ 'സ്ത്രീകളുടെ സാമൂഹിക-സാമ്പത്തിക ശാക്തീകരണത്തിൽ കുടുംബശ്രീയുടെ പങ്ക്' എന്നതിന്റെ പ്രവർത്തനക്ഷമതാ ഓഡിറ്റും, അദ്ധ്യായം IV ൽ ' കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ പ്രവർത്തനം' എന്നതിന്റെ പ്രവർത്തനക്ഷമതാ ഓഡിറ്റും, അദ്ധ്യായം V ൽ 'കേരളവാട്ടർ അതോറിറ്റിയിലെ എൻഹാൻസ്ഡ് അഡ്വാൻസ്ഡ് ബില്ലിങ്, അക്കൗണ്ടിങ് ആന്റ് കളക്ഷൻ യൂട്ടിലിറ്റി സിസ്റ്റ (ഇഅബാക്കസ്) ത്തിന്റെ' വിവരസാങ്കേതിക സംവിധാന ഓഡിറ്റും ഉൾപ്പെടുത്തിയിരിക്കുന്നു. പ്രസക്തഭാഗങ്ങൾ തുടർന്നുള്ള ഖണ്ഡികകളിൽ നൽകിയിരിക്കുന്നു.

#### *1.6.1.1 ദേശീയ ആരോഗ്യദൗത്യം - പ്രത്യുൽപാദനവും ശിശുആരോഗ്യവും രോഗപ്രതിരോധവും*

മാതൃശിശു ആരോഗ്യം, കുടുംബാസൂത്രണം, രോഗപ്രതിരോധം എന്നീ മേഖലകളിൽ 2012-17 വർഷങ്ങളിൽ ദേശീയ ആരോഗ്യ ദൗത്യത്തിന്റെ ഇടപെടൽ, സംസ്ഥാനത്തെ സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യനിലവാരം മെച്ചപ്പെടുത്തുന്നതിന് ഫലപ്രദമായിരുന്നോ എന്ന് വിലയിരുത്തുന്നതിനാണ് ഈ പ്രവർത്തനക്ഷമതാ ഓഡിറ്റ് നടത്തിയത്. ഭൗതികവും, മാനവശേഷി വിഭവങ്ങളും പര്യാപ്തമായിരുന്നോ, മരുന്നുകളും ഉപകരണങ്ങളും വാങ്ങിയത് കാര്യക്ഷമവും മിതവ്യയവുമായിട്ടായിരുന്നോ, പൊതുവായ സാമ്പത്തികനിർവ്വഹണം കാര്യക്ഷമവും ഫലപ്രദവുമായിരുന്നോ എന്ന് വിലയിരുത്തുന്നതിന് പ്രവർത്തനക്ഷമതാ ഓഡിറ്റ് ശ്രമിച്ചിരുന്നു. സ്ത്രീകൾക്ക് നൽകുന്ന പ്രസവ സംബന്ധമായ സേവനങ്ങൾ, പ്രസവകേന്ദ്രങ്ങളിൽ നവജാത ശിശുക്കൾക്കുള്ള സൗകര്യങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവയിലുള്ള അപര്യാപ്തതകൾ താഴെപറയുംവിധം പ്രവർത്തനക്ഷമതാ ഓഡിറ്റിൽ വെളിപ്പെട്ടു.

2012-17 കാലയളവിൽ കേരളസർക്കാർ ആനുപാതിക വിഹിതമായ ₹323.22 കോടി ലഭ്യമാക്കിയിട്ടില്ല. പ്രസവപൂർവ്വ ശുശ്രൂഷയ്ക്ക് രജിസ്റ്റർ ചെയ്ത 24.95 ലക്ഷം ഗർഭിണികളിൽ 12 ശതമാനത്തിലധികം പേർക്ക് അയേൺ ഫോളിക് ആസിഡ് ഗുളിക ലഭിച്ചിട്ടില്ല. കൂടാതെ ടെറ്റനസ് ടോക്സോയ്ഡ് ഷോട്ട്സ് ലഭിച്ച ഗർഭിണികളുടെ ശതമാനത്തിലും കുറവ് നേരിട്ടിട്ടുണ്ട്. 24.95 ലക്ഷം ഗർഭിണികളിൽ 37 ശതമാനം പേരിലും എച്ച്.ഐ.വി പരിശോധന നടത്തിയിട്ടില്ല. ഓഡിറ്റിനായി തെരഞ്ഞെടുത്ത ജില്ലകളിലെ (വയനാട്, മലപ്പുറം, തൃശ്ശൂർ, ആലപ്പുഴ) ലാക്ഷണിക പരിശോധനയ്ക്ക് വിധേയമാക്കിയ 65 ആരോഗ്യസേവന കേന്ദ്രങ്ങളിൽ 15 എണ്ണത്തിൽ മാത്രമേ പ്രസവസംബന്ധമായ സേവനത്തിനുള്ള സൗകര്യങ്ങൾ ഉണ്ടായിരുന്നുള്ളൂ. ജനനി ശിശു സുരക്ഷാ കാര്യക്രമത്തിനു കീഴിൽ ഗർഭിണികൾക്ക് ലഭ്യമാക്കേണ്ടിയിരുന്ന സൗജന്യ ഭക്ഷണവും മറ്റു സേവനങ്ങളും നൽകുന്നതിൽ പോരായ്മകൾ ഉണ്ടായിരുന്നു. ന്യൂബോൺ കെയർ കോർണർ, ന്യൂബോൺ സ്റ്റെബിലൈസേഷൻ യൂണിറ്റുകൾ തുടങ്ങിയ സൗകര്യങ്ങൾ എല്ലാ പ്രസവകേന്ദ്രങ്ങളിലും സജ്ജീകരിച്ചിട്ടില്ലായിരുന്നു. ആരോഗ്യവൈകല്യങ്ങൾ ഉള്ള

കുട്ടികളെ നേരത്തെ തിരിച്ചറിഞ്ഞ് സൗജന്യ ചികിത്സയും പരിപാലനവും എന്ന ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രത്തിന്റെ ലക്ഷ്യങ്ങൾ, 2016-17 കാലയളവിൽ മലപ്പുറം, വയനാട്, തൃശ്ശൂർ, ആലപ്പുഴ എന്നീ ജില്ലകളിൽ കണ്ടെത്തിയ 9,588 കുട്ടികളിൽ 83 ശതമാനം പേരും ഈ കേന്ദ്രങ്ങളിൽ തുടർ ചികിത്സയ്ക്ക് റിപ്പോർട്ട് ചെയ്യാത്തതുകാരണം കൈവരിക്കാനായില്ല. മലപ്പുറം, വയനാട് ജില്ലകളിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾ വേണ്ടത്ര പുരോഗതി കൈവരിച്ചില്ല. ആരോഗ്യസംരക്ഷണ കേന്ദ്രങ്ങളിൽ അടിസ്ഥാനസൗകര്യങ്ങളുടെ കുറവ് ഉണ്ടായിരുന്നു. 2013-2017 കാലയളവിൽ കേന്ദ്രസർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അധിക ധനസഹായം ലഭിയ്ക്കേണ്ടിയിരുന്ന ഉയർന്ന മുൻഗണനാ ജില്ലകളായ കാസർഗോഡ്, മലപ്പുറം, പാലക്കാട് എന്നിവയ്ക്ക് അധികധനസഹായമായ ₹86.40 കോടി നിഷേധിക്കപ്പെട്ടു.

*(അദ്ധ്യായം II)*

### *1.6.1.2 സ്ത്രീകളുടെ സാമൂഹിക-സാമ്പത്തിക ശാക്തീകരണത്തിൽ കുടുംബശ്രീയുടെ പങ്ക്*

'കുടുംബശ്രീ' ട്രാവൻകൂർ കൊച്ചിൻ ലിറ്റററി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് 1955-ന് കീഴിൽ ഒരു രജിസ്റ്റേർഡ് സൊസൈറ്റി ആയി 1998 മെയ് 17-ന് കേരളത്തിലെ ഒരു ദാരിദ്ര്യ നിർമ്മാർജ്ജനമിഷൻ ആയിട്ടാണ് രൂപീകരിച്ചത്. 43 ലക്ഷം അംഗങ്ങളുള്ള ഒരു വമ്പിച്ച സ്ത്രീപങ്കാളിത്ത പരിപാടിയായി കുടുംബശ്രീ പരിണമിച്ചു. പിന്നിട്ട വർഷങ്ങളിൽ കുടുംബശ്രീക്ക് മികവിനും മെച്ചപ്പെട്ട പ്രവർത്തനത്തിനുമുള്ള നിരവധി ദേശീയ അന്തർദേശീയ അവാർഡുകൾ ലഭിക്കുകയും സ്ത്രീ ശാക്തീകരണത്തിന്റെയും സംരംഭകത്വത്തിന്റെയും ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ട മാതൃകയാവുകയും ചെയ്തു. സ്ത്രീകളുടെ സാമൂഹിക-സാമ്പത്തിക ശാക്തീകരണത്തിൽ കുടുംബശ്രീയുടെ പങ്ക് വിലയിരുത്തുന്നതിന് 2012-17 കാലയളവ് ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു പ്രവർത്തനക്ഷമതാ ഓഡിറ്റ് നടത്തുകയുണ്ടായി. താഴെപ്പറയുന്ന ഓഡിറ്റ് കണ്ടെത്തലുകൾ പ്രവർത്തനക്ഷമതാ ഓഡിറ്റിൽ വെളിവായി.

കുടുംബശ്രീയുടെ കീഴിലുള്ള കുറഞ്ഞത് 35 ശതമാനം മൈക്രോ എന്റർപ്രൈസസുകൾ (എം.ഇ) പ്രവർത്തനക്ഷമമല്ലായിരുന്നു. ഏറ്റെടുത്ത പ്രോജക്ടുകളുടെ സാമ്പത്തിക ജീവനക്ഷമത പരിശോധിക്കാതെയാണ് എം.ഇകളെ രജിസ്റ്റർ ചെയ്തത്. അയൽക്കൂട്ടങ്ങളിലെ അംഗങ്ങൾക്ക് വിഭാവനം ചെയ്ത പരിശീലനം നൽകിയില്ല. 5,000 കുടുംബശ്രീ പ്രവർത്തകരെ പരിശീലിപ്പിക്കുന്നതിനുള്ള നൈപുണ്യനിയമന പദ്ധതിയായ 'പുനർജ്ജനി' 1,794 അംഗങ്ങൾക്കു മാത്രമാണ് പ്രയോജനപ്പെട്ടത്. കുടുംബശ്രീ പദ്ധതി നടപ്പാക്കൽ ഏജൻസികളുടെ (പിഐഎ) പ്രവർത്തനത്തിന്റെ മേൽനിരീക്ഷണം നടത്താത്തതിനാൽ പദ്ധതി നടത്തിപ്പിൽ പോരായ്മകൾ ഉണ്ടായി. മഹിളാ കിസാൻ സശക്തീകരൺ പരിയോജനയിലൂടെ 1,50,000 സ്ത്രീകളുടെ പങ്കാളിത്തത്തോടെ 30,000 കാർഷികസംഘങ്ങൾ രൂപീകരിച്ച് കുറഞ്ഞത് 24,000 ഹെക്ടർ സ്ഥലം കൃഷിയോഗ്യമാക്കുക എന്ന ലക്ഷ്യം കൈവരിച്ചില്ല. സ്ത്രീകളെ വീഡിയോ നിർമ്മാണം പരിശീലിപ്പിക്കുന്ന 'മീഡിയാശ്രീ' പദ്ധതി ഉദ്ദേശിച്ച ഫലം നൽകിയില്ല. ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസുമായി സഹകരിച്ച് കുടുംബശ്രീ നടപ്പിലാക്കിയ കമ്മ്യൂണിറ്റി കോളേജ് പ്രോഗ്രാം 'ഡെവലപ്പ്മെന്റ് പ്രാക്സിസിൽ' ഒരു വർഷ ബിരുദാനന്തര ഡിപ്ലോമ കോഴ്സിലേക്ക് വിദ്യാർത്ഥികളുടെ ഒരു ബാച്ചിനുമാത്രമാണ് പ്രവേശനം നൽകിയത്. കുടുംബശ്രീയിലെ സാമ്പത്തികനിർവ്വഹണം പോരായ്മ ഉള്ളതായിരുന്നു. സാമ്പത്തിക സ്റ്റേറ്റ്മെന്റുകളിൽ വസ്തുതാപരമായ പിഴവുകൾ ഉണ്ടായിരുന്നു. അവ 2012-16-ലെ

കുടുംബശ്രീയുടെ സാമ്പത്തിക ഇടപാടുകളെക്കുറിച്ച് വ്യക്തമായ രൂപം നൽകിയില്ല.

*(അദ്ധ്യായം III)*

### 1.6.1.3 കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ പ്രവർത്തനം

സംസ്ഥാനത്തിൽ സാമൂഹ്യസുരക്ഷാ പദ്ധതികൾക്ക് രൂപം നൽകുന്നതിനും നടപ്പാക്കുന്നതിനുമായി ട്രാവൻകൂർ കൊച്ചിൻ ലിറ്റററി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് 1955-ന്റെ കീഴിൽ രജിസ്റ്റർ ചെയ്ത ഒരു സൊസൈറ്റിയായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ (കെഎസ്എസ്എം) സ്ഥാപിക്കപ്പെട്ടു. കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ 2012-17 കാലയളവിലെ പ്രവർത്തനങ്ങളെപ്പറ്റി ഒരു പ്രവർത്തനക്ഷമതാ ഓഡിറ്റ് നടത്തുകയുണ്ടായി. കെഎസ്എസ്എം നടപ്പിലാക്കിയ വിവിധ പരിപാടികളുടെ/ പദ്ധതികളുടെ ഫലപ്രാപ്തി, സാമ്പത്തിക നിർവ്വഹണത്തിന്റെ കാര്യക്ഷമത, ആന്തരിക നിയന്ത്രണരീതി എന്നിവ വിലയിരുത്തുന്നതിൽ പ്രവർത്തനക്ഷമതാ ഓഡിറ്റ് ഊന്നൽ കൊടുക്കുകയും താഴെക്കൊടുത്തിരിക്കുന്ന ഓഡിറ്റ് കണ്ടെത്തലുകൾ പുറത്തു കൊണ്ടുവരുകയും ചെയ്തു.

കെഎസ്എസ്എമ്മിന്റെ 2014-15 സാമ്പത്തിക വർഷം വരെയുള്ള കണക്കുകൾ മാത്രമേ ഓഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളൂ. 2015-17 വർഷങ്ങളിലെ കണക്കുകൾ തീർപ്പാക്കപ്പെടുന്നതേയുള്ളൂ. 2012-13 മുതൽ 2014-15 വരെയുള്ള വർഷങ്ങളിൽ ഓഡിറ്റർമാർ ചൂണ്ടിക്കാട്ടിയ വ്യവസ്ഥാപിതമായ പോരായ്മകൾ നിലനിൽക്കുന്നു. കെഎസ്എസ്എമ്മിന്റെ കോർപ്പസ് ഫണ്ടിൽ നിന്നും കുടുംബശ്രീ മിഷനിലേയ്ക്ക് ₹20 കോടി മാറ്റാനുള്ള കേരളസർക്കാരിന്റെ ഉത്തരവ്, സ്ഥിരനിക്ഷേപം കാലാവധി തീരുന്നതിനു മുൻപ് അവസാനിപ്പിക്കുന്നതിലേയ്ക്കും തത്ഫലമായി കെഎസ്എസ്എമ്മിന് ₹0.59 കോടി പലിശ വരുമാനം നഷ്ടമാവുന്നതിലേയ്ക്കും വഴിതെളിച്ചു. 'ശ്രുതിതരംഗം' പദ്ധതിയുടെ കീഴിൽ കോക്ലിയർ ഇംപ്ലാന്റേഷന് അനുയോജ്യമാണോ എന്ന് കണക്കാക്കുവാൻ വേണ്ടി ഹിയറിംഗ് ത്രെഷോൾഡിന്റെ നിർബന്ധിത പരിശോധനയ്ക്കും വിലയിരുത്തലിനുമായി കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ 134 കുട്ടികൾ കാത്തിരിക്കുന്നു (2017 ആഗസ്റ്റ്). കിടപ്പിലായ രോഗികളെ പരിചരിക്കുന്നവർക്ക് സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയായ ആശ്വാസകിരണത്തിന്റെ കീഴിൽ സഹായധനം ലഭിയ്ക്കാനായി കിട്ടിയ 10,000-ഓളം അപേക്ഷകൾ രജിസ്ട്രേഷനോ, മറ്റു നടപടികളോ ചെയ്യാതെ മിഷന്റെ കാര്യാലയത്തിൽ കെട്ടുകളായി കൂട്ടിയിട്ടിരിക്കുന്നതായി കണ്ടെത്തി. മാതാപിതാക്കളിൽ ഒരാളെയോ രണ്ടുപേരെയുമോ നഷ്ടപ്പെട്ട കുട്ടികൾക്ക് സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയായ സ്നേഹപൂർവത്തിൽ ഓൺലൈനായി കൊടുത്ത അപേക്ഷകളുടെ കംപ്യൂട്ടറിൽ തയ്യാറാക്കപ്പെട്ട മുറപ്രകാരമുള്ള ഒപ്പും മുദ്രയുമുള്ള പട്ടികകൾ സ്ഥാപനമേധാവികളിൽ നിന്നും ലഭിക്കുന്നത് ഉറപ്പാക്കുന്നതിലും, തുടർനടപടികൾ സ്വീകരിക്കുന്നതിലും ഉള്ള കെഎസ്എസ്എമ്മിന്റെ പരാജയം 57,831 ഗുണഭോക്താക്കൾക്ക് ധനസഹായം നിരസിക്കപ്പെടുന്നതിന് കാരണമായി. അവിവാഹിതരായ ആദിവാസി അമ്മമാരെ കണ്ടെത്തുന്നതിൽ വയോമിത്രം കോഓർഡിനേറ്റർമാർ/ശിശുവികസനപദ്ധതി ഓഫീസർമാർ (സിഡിപിഒ) പരാജയപ്പെട്ടതുമൂലം സ്നേഹസ്പർശം പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നപോലെ അർഹരായ എല്ലാവർക്കും സാമ്പത്തിക സഹായം നൽകാൻ സാധിച്ചില്ല.

*(അദ്ധ്യായം IV)*

### 1.6.1.4 കേരളവാട്ടർ അതോറിറ്റിയിലെ എൻഹാൻസ്ഡ് അഡ്വാൻസ്ഡ് ബില്ലിങ്, അക്കൗണ്ടിങ് ആന്റ് കളക്ഷൻ യൂട്ടിലിറ്റി സിസ്റ്റ (ഇഅബാക്കസ്) ത്തിന്റെ വിവരസാങ്കേതിക സംവിധാന ഓഡിറ്റ്

സംസ്ഥാനത്തെ ജനങ്ങൾക്ക് ഗുണനിലവാരമുള്ള കുടിവെള്ളം നൽകുകയും മലിനജലനിർമ്മാർജ്ജനം പ്രകൃതി സൗഹൃദവും സുസ്ഥിരവുമായ രീതിയിൽ നിർവഹിക്കുകയും ചെയ്യാനുള്ള കർത്തവ്യം കേരളവാട്ടർ അതോറിറ്റിയിൽ നിക്ഷിപ്തമാണ്. എൻഹാൻസ്ഡ് അഡ്വാൻസ്ഡ് ബില്ലിങ്, അക്കൗണ്ടിങ് ആന്റ് കളക്ഷൻ യൂട്ടിലിറ്റി സിസ്റ്റം (ഇഅബാക്കസ്) നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ തയ്യാറാക്കി കേരള വാട്ടർ അതോറിറ്റിയിൽ ഉപയോഗിക്കുന്ന ഒരു ബില്ലിംഗ്-അക്കൗണ്ടിങ് സിസ്റ്റമാണ്. ഇഅബാക്കസിന്റെ വിവരസാങ്കേതികത നിയന്ത്രണങ്ങളിലും സുരക്ഷിതത്വത്തിലും പദ്ധതിരൂപീകരണത്തിലും രൂപകൽപനയിലുമുള്ള പോരായ്മകൾ താഴെ പറയുന്നവയാണ്.

രൂപകൽപനയിലുണ്ടായ പോരായ്മകൾ, പ്രവർത്തനനിയമങ്ങൾ ശരിയായി രേഖപ്പെടുത്തുന്നതിന് വിഘാതമാകുകയും തത്ഫലമായി ഫീസും പിഴയും ഇനത്തിൽ ₹76.50 ലക്ഷം ഈടാക്കാൻ സാധിക്കാതിരിക്കുകയും ചെയ്തു. ഡേറ്റാബേസ് രൂപകൽപനയിലെ അപാകത കാരണം ഓൺലൈൻ നിയന്ത്രണമേൽനോട്ടനിർവ്വഹണത്തിന് വിഘാതമാകുകയും ₹6.42 ലക്ഷത്തിന്റെ പണാപഹരണത്തിനിടയാക്കുകയും ചെയ്തു. കർത്തവ്യ-നിർവ്വഹണ വിശ്ലേഷണം അവഗണിക്കപ്പെട്ടതുമൂലം സോഫ്റ്റ്‌വെയർ ക്രമരാഹിത്യത്തിന്, അപായകരമായി വിധേയമാകുകയും ഉത്തരവാദപരമായ ഇടപാടുകളെ ദോഷകരമായി ബാധിക്കുകയും ചെയ്തു. ആക്സസ് നിയന്ത്രണങ്ങളിലെ പരാജയം, ഉപഭോക്താക്കൾ ബില്ലിങ് സംക്രമണത്തിൽ നിന്നും പുറത്താവുന്ന വിധത്തിലുള്ള അപകടസാധ്യതയ്ക്ക് കാരണമായി. സേവനക്കരാറിന്റെ മേൽനോട്ടത്തിലുണ്ടായ അപര്യാപ്തത, പരാജയപ്പെട്ട ഇടപാടുകളിൽ ഉപഭോക്താക്കളിൽ നിന്നീടാക്കിയ പണം തിരികെ നൽകാത്തതും, സേവനക്കൂലി തിരികെ നൽകാത്തതുമായ ഇനത്തിൽ ₹8.50 ലക്ഷം ഉപഭോക്താക്കളിൽ നിന്നും അധികമായി ഈടാക്കുന്നതിലേക്ക് നയിച്ചു. പ്രവർത്തനനിയമങ്ങൾ സോഫ്റ്റ്‌വെയറിലേക്ക് ഉൾപ്പെടുത്തുന്നതിലുണ്ടായ കൃത്യതയില്ലായ്മയും കാലതാമസവും കാരണം, ഇടപാടുകൾ തെറ്റായി പ്രോസസ് ചെയ്യുന്നതിനും അത് മലിനജലസംസ്കരണവും വെള്ളക്കരവും ഇനത്തിൽ ₹450.66 ലക്ഷത്തിന്റെ നഷ്ടത്തിൽ കലാശിക്കുന്നതിനും ഇടയാക്കി. അതേ സമയം തന്നെ പ്രസ്തുത അപാകത ഉപഭോക്താക്കളിൽ നിന്നും ₹1.35 ലക്ഷം അധികമായി ഈടാക്കാനും ഇടയാക്കി. പ്രോസസ് നിയന്ത്രണങ്ങളിലെ ദൗർബല്യവും സോഫ്റ്റ്‌വെയറിലെ തെറ്റുകളും കൃത്യതയില്ലാത്ത വെള്ളക്കര ബില്ലുകൾ തയ്യാറാക്കുന്നതിനും അതുമൂലം ₹17.38 ലക്ഷം നഷ്ടമുണ്ടാവുന്നതിനും കാരണമായി. സ്റ്റാൻഡഡൈസേഷൻ പരിശോധന നടത്തുന്നതിലുണ്ടായ പരാജയം സോഫ്റ്റ്‌വെയറിൽ ഗുരുതരമായ വിവരസാങ്കേതിക സുരക്ഷാ പാളിച്ചകൾക്കിടയാക്കി.

*(അദ്ധ്യായം V)*

### 1.6.2 അനുവർത്തന ഓഡിറ്റ് ഖണ്ഡികകൾ

ഇടപാടുകളുടെ ഓഡിറ്റിനു പുറമെ, അപകട സാദ്ധ്യതകളും വിഷയത്തിന്റെ പ്രാധാന്യവും അടിസ്ഥാനമാക്കി, ചില പ്രധാന അനുവർത്തന വിഷയങ്ങളെ ഓഡിറ്റ് തെരഞ്ഞെടുത്തു. ഇത്തരം ഓഡിറ്റിൽ കണ്ടെത്തിയ പ്രധാനപ്പെട്ട ന്യൂനതകൾ താഴെപ്പറയുന്ന ഖണ്ഡികകളിൽ വിശദമാക്കുന്നു.

### 1.6.2.1 ഫാക്ടറി തൊഴിലാളികളുടെ സുരക്ഷയിൽ ഫാക്ടറീസ് ആന്റ് ബോയ്‌ലേഴ്സ് വകുപ്പിന്റെ പങ്ക്

വ്യവസായവൽക്കരണം ത്വരിതപ്പെടുത്തുന്നതിനും സംസ്ഥാനത്തെ ഫാക്ടറി തൊഴിലാളികളുടെ ആരോഗ്യം, സുരക്ഷ, ക്ഷേമം എന്നിവയ്ക്ക് കൂടുതൽ ശ്രദ്ധ നൽകുന്നതിനുമായി തൊഴിൽ വകുപ്പിനെ രണ്ടായി വിഭജിച്ച് 1961 ൽ ഫാക്ടറീസ് ആന്റ് ബോയ്‌ലേഴ്സ് വകുപ്പ് രൂപീകരിച്ചു. ഫാക്ടറി തൊഴിലാളികളുടെ സുരക്ഷയെ സംബന്ധിച്ച്, 1948 ലെ ഫാക്ടറി നിയമത്തിലും ബന്ധപ്പെട്ട മറ്റു നിയമനിർമ്മാണങ്ങളിലും നിഷ്കർഷിച്ചിട്ടുള്ള നിർദ്ദേശങ്ങൾ വകുപ്പ് നടപ്പാക്കുന്നത് വിലയിരുത്തുന്നതിനായി 2012-13 മുതൽ 2016-17 വരെയുള്ള കാലയളവ് ഉൾപ്പെടുത്തി 2017 ഏപ്രിൽ മുതൽ 2017 ആഗസ്റ്റ് വരെ ഓഡിറ്റ് നടത്തുകയുണ്ടായി.

ഫാക്ടറീസ് നിയമത്തിലെ വ്യവസ്ഥകൾ നടപ്പാക്കാൻ ചുമതലപ്പെട്ട ഫാക്ടറീസ് ആന്റ് ബോയ്‌ലേഴ്സ് വകുപ്പിന് നിയമത്തിൻ കീഴിൽ നിഷ്കർഷിച്ചിട്ടുള്ള സുരക്ഷാ മാനദണ്ഡങ്ങൾ ഫാക്ടറികൾ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പാക്കാനുള്ള ഫലപ്രദമായ സംവിധാനം ഇല്ലായിരുന്നു. നിയമത്തിൻകീഴിൽ വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഫാക്ടറികളുടെ എണ്ണം വളരെ കുറവായിരുന്നു. വകുപ്പിന്റെ ഡേറ്റ പ്രകാരം ഫാക്ടറികളുടെ എണ്ണം വളരെയധികം കുറച്ചാണ് കാണിച്ചിരുന്നത്. ഫാക്ടറികളുടെ പരിശോധന വളരെ അപര്യാപ്തമായിരുന്നു. ഇൻസ്പെക്ടർമാരുടെ പോസ്റ്റുകളുടെ എണ്ണത്തിൽ കുറവുള്ളതായി ഓഡിറ്റിൽ കണ്ടു. ഇത് നിയമത്തിൻകീഴിലെ വിവിധ വ്യവസ്ഥകളുടെ നടപ്പാക്കലിനെ പ്രതികൂലമായി ബാധിച്ചു. തൊഴിലിലെ സുരക്ഷയെക്കുറിച്ചുള്ള പരിശീലനം ആകെ തൊഴിലാളികളുടെ 0.40 ശതമാനം പേർക്കെ നൽകിയിരുന്നുള്ളൂ. തൊഴിലാളികളുടെ സുരക്ഷയുമായി ബന്ധപ്പെടുത്തി ഫാക്ടറീസ് നിയമത്തിലെ വ്യവസ്ഥകളുടെ നടപ്പാക്കൽ അതിനാൽ തന്നെ തൃപ്തികരമായിരുന്നില്ല.

*(ഖണ്ഡിക 6.1)*

### 1.6.2.2 അന്തർസംസ്ഥാന കുടിയേറ്റ തൊഴിലാളി (തൊഴിലും സേവനവ്യവസ്ഥകളും) നിയമം 1979-ന്റെ നടപ്പാക്കൽ

ഭാരതസർക്കാർ 1979 ജൂണിൽ ഇതരസംസ്ഥാന തൊഴിലാളികളുടെ തൊഴിൽ ക്രമീകരിക്കുന്നതിനും, അവരുടെ സേവനവ്യവസ്ഥകളും അതുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങളും നിയന്ത്രിക്കുന്നതിന് വേണ്ടി അന്തർസംസ്ഥാന കുടിയേറ്റ തൊഴിലാളി (തൊഴിലും സേവന വ്യവസ്ഥകളും) നിയമം 1979 നിർമ്മിച്ചു. നിയമത്തിലും ചട്ടങ്ങളിലും അനുശാസിക്കപ്പെട്ടതുപോലെ ഇതരസംസ്ഥാന തൊഴിലാളികളുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ, 2012-13 മുതൽ 2016-17 വരെയുള്ള കാലഘട്ടത്തിൽ ലേബർ വകുപ്പ് പാലിച്ചത് നിർണ്ണയിക്കുവാനായി ഏപ്രിൽ 2017 മുതൽ ജൂലൈ 2017 വരെയാണ് ഓഡിറ്റ് നടന്നത്. തെരഞ്ഞെടുത്ത ജില്ലകളായ തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോട്ടയം, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ നിയമം ബാധകമായ എല്ലാ സ്ഥാപനങ്ങളും കോൺട്രാക്ടർമാരും രജിസ്റ്റർ ചെയ്യപ്പെടുകയും ലൈസൻസ് എടുക്കുകയും ചെയ്തിരുന്നോ എന്നും നിയമം ഐഎസ്എംഡബ്ല്യുവിനുവേണ്ടി വ്യവസ്ഥ ചെയ്തിരുന്ന സൗകര്യങ്ങൾ തൊഴിലാളികൾക്കു ലഭിച്ചിരുന്നോ എന്നും ഓഡിറ്റ് പരിശോധിച്ചു. തെരഞ്ഞെടുത്ത കേസുകളിൽ മുഖ്യ തൊഴിലുടമ/കോൺട്രാക്ടർ സൂക്ഷിച്ചിരുന്ന രേഖകൾ നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായിരുന്നോ എന്നും വ്യവസ്ഥകളുടെ ലംഘനത്തിന് ശിക്ഷാനടപടികൾ സ്വീകരിച്ചോ എന്നും ഓഡിറ്റ് പരിശോധിച്ചു.

ഇതരസംസ്ഥാന തൊഴിലാളികളെ കണ്ടെത്തുന്നതിലും അവർക്ക് നിയമാനുസരണമുള്ള ആനുകൂല്യങ്ങൾ ഉറപ്പാക്കുന്നതിലും വകുപ്പിന് അലംഭാവമുണ്ടായതായി

ഓഡിറ്റ് നിരീക്ഷിച്ചു. നിയമത്തിന്റെ സെക്ഷൻ 3 പ്രകാരം രജിസ്റ്ററിങ് ഓഫിസറായി നിയമിതനായ ഡിഎൽഒ (എൻഫോഴ്സ്മെന്റ്) ഇതരസംസ്ഥാന തൊഴിലാളികൾ പണിയെടുക്കുന്ന എല്ലാ സ്ഥാപനങ്ങളും നിയമത്തിനനുസൃതമായി രജിസ്റ്റർ ചെയ്യപ്പെട്ടിരുന്നു എന്നുറപ്പാക്കാനുള്ള സംവിധാനം രൂപീകരിക്കുന്നതിൽ പരാജയപ്പെട്ടു. കേരളത്തിൽ പണിയെടുക്കുന്നതിനായി മറ്റൊരു സംസ്ഥാനത്തിൽ നിന്നും ഇതരസംസ്ഥാന തൊഴിലാളികളെ നിയമിക്കുമ്പോൾ, ആ സംസ്ഥാനത്തെ ബന്ധപ്പെട്ട അധികാരി നൽകിയ ചട്ടപ്രകാരമുള്ള ലൈസൻസ് കരാറുകാർക്കുണ്ടായിരുന്നോ എന്നുറപ്പുവരുത്താതെ വകുപ്പ് കരാറുകാർക്ക് ലൈസൻസുകൾ നൽകി. കേസുകൾ ആത്മാർത്ഥമായി തുടരുന്നതിലും നിയമത്തിനുകീഴിൽ കുറ്റം ചെയ്തവർക്ക് ശിക്ഷ ഉറപ്പാക്കുന്നതിലും ഇൻസ്പെക്ടർമാരുടെ ഭാഗത്ത് അലംഭാവമുണ്ടായതായി ഓഡിറ്റ് നിരീക്ഷിച്ചു. അങ്ങനെ, സംസ്ഥാനത്ത് ഇതരസംസ്ഥാന കുടിയേറ്റ തൊഴിലാളി നിയമത്തിന്റെ നടപ്പിലാക്കൽ ഫലപ്രദമായിരുന്നില്ല.

*(ഖണ്ഡിക 6.2)*

### *1.6.2.3 മേൽനോട്ടം/ഭരണനിയന്ത്രണത്തിന്റെ പരാജയം*

ആരോഗ്യം, വിദ്യാഭ്യാസം, വികസനം, അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണം, പൊതുസേവനങ്ങൾ എന്നീ മേഖലകളിൽ ചില ലക്ഷ്യങ്ങൾ സഫലമാക്കാനുള്ള പ്രവർത്തനങ്ങൾ വഴി ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുക എന്നത് സർക്കാരിന്റെ കടമയാണ്. എങ്കിലും സമൂഹത്തിനുവേണ്ടി പൊതു ആസ്തികൾ നിർമ്മിക്കുന്നതിനായി സർക്കാർ മുടക്കിയ ധനം വിവിധ തലങ്ങളിലെ തീരുമാനങ്ങൾ എടുക്കുന്നതിലെ അനിശ്ചിതത്വവും, മേൽനോട്ടമില്ലായ്മയും, ഒത്തൊരുമിച്ചുള്ള പ്രവർത്തനത്തിന്റെ അഭാവവും കാരണം ഉപയോഗിക്കാതിരിക്കുകയോ/തടയപ്പെട്ടുകിടക്കുകയോ/പ്രയോജനക്ഷമമല്ലാതെ കിടക്കുകയോ ചെയ്യുന്നതിന്റെ ഉദാഹരണങ്ങൾ ഓഡിറ്റിൽ കണ്ടു. വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

- തിരുവനന്തപുരം വിളപ്പിൽശാല പോലീസ് സ്റ്റേഷനിൽ ചട്ടങ്ങൾ പാലിക്കാത്തതിന്റെയും നിർബന്ധിത ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കുന്നതിലുണ്ടായ അലസതയുടെയും ഫലമായി ₹4.86 ലക്ഷത്തിന്റെ തിരിമറി ഉണ്ടായി.

*(ഖണ്ഡിക 6.3)*

- ജനവാസമേഖലയുടെ കീഴിൽ വരുന്ന ഭൂമി കേരള സർക്കാർ ഒരു ഔഷധ നിർമ്മാണശാലയുടെ നിർമ്മാണത്തിനായി അനധികൃതമായി നൽകിയതിന്റെ ഫലമായി, തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള നിർബന്ധിത ക്ലീയറൻസിന്റെ നിഷേധിക്കലിനും തത്ഫലമായി ₹3.76 കോടി തടസ്സപ്പെട്ടു കിടന്ന് നിഷ്ക്രിയമായ നിക്ഷേപത്തിനുമിടയാക്കി.

*(ഖണ്ഡിക 6.4)*

- സാങ്കേതികവിദ്യാഭ്യാസ ഡയറക്ടർ എ.ഐ.സി.ടി.ഇ മാനദണ്ഡങ്ങളെയും കേരളസർക്കാർ ഉത്തരവുകളെയും ലംഘിച്ച് അസോസിയേറ്റ് പ്രൊഫസർ തസ്തികകളിലേയ്ക്ക് നിയമനം നടത്തിയതിനാൽ, തെരഞ്ഞെടുത്ത് പരിശോധിച്ച 24 കേസുകളിൽ ചുരുങ്ങിയത് ₹1.46 കോടിയുടെ അനുവദനീയമല്ലാത്ത ചെലവുണ്ടായി.

*(ഖണ്ഡിക 6.5)*

- 2015-16-ന് എഐസിടിഇയുടെ എക്സ്റ്റൻഷൻ ഓഫ് അപ്രൂവലിനു വേണ്ടിയുള്ള അപേക്ഷ തുടർനടപടികളിലൂടെ വിജയകരമായി സമർപ്പിക്കുന്നത് ഉറപ്പാക്കാൻ തിരുവനന്തപുരം സെൻട്രൽ പോളിടെക്നിക്ക് കോളേജിലെ പ്രിൻസിപ്പലിനു സാധിക്കാതെ പോയത് 2015-16-ൽ എഐസിടിഇയുടെ അംഗീകാരം ലഭിക്കാതെ 360 വിദ്യാർത്ഥികളുടെ ക്രമവിരുദ്ധമായ പ്രവേശനത്തിന് ഇടയാക്കി. അതിനു ശേഷം പരിശോധന നടത്തിയപ്പോൾ ന്യൂനതകൾ കണ്ടതുകൊണ്ട് വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നതിനുള്ള അനുമതി എഐസിടിഇ പുനഃസ്ഥാപിക്കാത്തതിനാൽ, 2016-17-ൽ ഈ കോളേജിലെ ആറ് കോഴ്സുകളിലേയ്ക്ക് പ്രവേശനം നടത്താനായില്ല.

*(ഖണ്ഡിക 6.6)*

- രണ്ട് കെട്ടിടങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട ടെണ്ടർ നടപടികൾ ഫേം പീരിയഡിനുള്ളിൽ പൂർത്തിയാക്കാത്തതിനാൽ കേരള സർക്കാരിന് ₹1.53 കോടിയുടെ ഒഴിവാക്കാമായിരുന്ന അധികച്ചെലവുണ്ടായി.

*(ഖണ്ഡിക 6.7)*

## 1.7 ഓഡിറ്റിനോടുള്ള സർക്കാരിന്റെ പ്രതികരണമില്ലായ്മ

### 1.7.1 തീർപ്പാകാത്ത പരിശോധനാ റിപ്പോർട്ടുകൾ

പരിശോധനയിൽ ശ്രദ്ധയിൽപ്പെടുന്ന ന്യൂനതകൾ, വീഴ്ചകൾ എന്നിവയുടെ ബാദ്ധ്യത ഉറപ്പാക്കുക, നിർദ്ദിഷ്ട ചട്ടങ്ങൾക്കും, നടപടിക്രമങ്ങൾക്കും അനുസൃതമായി തിരുത്തൽ നടപടികൾ എടുക്കുക തുടങ്ങിയവ ഉറപ്പുവരുത്തുന്നതിനായി അക്കൗണ്ടന്റ് ജനറൽ നൽകുന്ന പരിശോധനാ റിപ്പോർട്ടുകൾക്ക് (ഐആർ) അധികാരികൾ സത്വരമായ പ്രതികരണം നൽകണമെന്ന് സംസ്ഥാന സർക്കാർ 2010-ൽ പുറത്തിറക്കിയ ഓഡിറ്റ് നിരീക്ഷണങ്ങളുടെയും/ഐആറുകളുടെയും പെട്ടെന്നുള്ള തീർപ്പാക്കൽ/ഓഡിറ്റ് ഖണ്ഡികകളുടെയും, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുമായി ബന്ധപ്പെട്ട കാര്യങ്ങളുടെയും സമയത്തുള്ള നടപടിയെടുക്കൽ എന്നീ നിർദ്ദേശങ്ങളുടെ ഹാൻഡ് ബുക്ക് വ്യവസ്ഥ ചെയ്യുന്നു. ഐആർ ലഭിച്ച് നാലാഴ്ചയ്ക്കുള്ളിൽ ഓഫീസ് തലവൻമാരും തൊട്ടടുത്ത ഉയർന്ന അധികാരികളും ഐആറുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള നിരീക്ഷണങ്ങൾ പാലിക്കുകയും, പോരായ്മകളും വീഴ്ചകളും പരിഹരിക്കുകയും അവയുടെ അനുവർത്തനം സത്വരമായി അക്കൗണ്ടന്റ് ജനറലിനെ അറിയിക്കേണ്ടതുമാണ്. തീർപ്പാകാത്ത ഐആറുകളെ കുറിച്ചുള്ള അർദ്ധവാർഷിക റിപ്പോർട്ടുകൾ ഓഡിറ്റ് നിരീക്ഷണങ്ങളുടെ മേൽനോട്ടത്തിനുള്ള സൗകര്യത്തിനായി വകുപ്പ് സെക്രട്ടറിക്ക് അയച്ചുകൊടുക്കാറുണ്ട്.

2017 ജൂൺ 30 വരെ ഉന്നത വിദ്യാഭ്യാസം, ഭാരതീയ ചികിത്സാരീതി ആയുർവേദം, തദ്ദേശസ്വയംഭരണം, പൊതുമരാമത്ത് (ബിൽഡിംഗ്സ്) എന്നീ വകുപ്പുകളിലായി 770 ഐആറുകൾ (3,580 ഖണ്ഡികകൾ) തീർപ്പാക്കാൻ ബാക്കി നിൽക്കുന്നു. 2016-17 വരെ പുറപ്പെടുവിച്ച 109 ഐആറുകളിലെ 841 ഖണ്ഡികകൾക്ക് ഉന്നത വിദ്യാഭ്യാസം, ഭാരതീയ ചികിത്സാരീതി ആയുർവേദം, തദ്ദേശസ്വയംഭരണം, പൊതുമരാമത്ത് (ബിൽഡിംഗ്സ്) എന്നീ വകുപ്പുകളിൽ നിന്നും ആദ്യ മറുപടിപോലും ലഭിച്ചില്ലെന്ന് വെളിപ്പെട്ടു. തീർപ്പാകാത്ത ഐആറുകളുടെയും ഖണ്ഡികകളുടെയും വർഷം തിരിച്ചുള്ള വിവരങ്ങൾ **അനുബന്ധം 1.1**-ൽ വിവരിച്ചിരിക്കുന്നു.

### 1.7.2 ഈ റിപ്പോർട്ടിൽ ചേർത്തിട്ടുള്ള ഖണ്ഡികകളോടുള്ള വകുപ്പുകളുടെ പ്രതികരണം

ആറാഴ്ചകൾക്കകം പ്രതികരണം അറിയിക്കുന്നതിനായി 2017 ആഗസ്റ്റിനും നവംബറിനുമിടയിൽ പ്രവർത്തനക്ഷമതാ/അനുവർത്തന ഓഡിറ്റ് ഖണ്ഡികകൾ ബന്ധപ്പെട്ട വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/സെക്രട്ടറിമാർക്കും അയച്ചുകൊടുത്തു. ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ച എല്ലാ പ്രവർത്തനക്ഷമതാ ഓഡിറ്റ് ഖണ്ഡികകൾക്കും, ഏഴിൽ ആറ് അനുവർത്തന ഓഡിറ്റ് ഖണ്ഡികകൾക്കും സർക്കാരിന്റെ മറുപടി ലഭിച്ചിട്ടുണ്ട്. ഈ മറുപടികൾ ഉചിതമായ രീതിയിൽ റിപ്പോർട്ടിൽ ചേർത്തിട്ടുണ്ട്.

### 1.7.3 ഓഡിറ്റ് റിപ്പോർട്ടുകളിൻമേലുള്ള തുടർനടപടി

സംസ്ഥാന സർക്കാർ 2010 ൽ പുറത്തിറക്കിയ ഓഡിറ്റ് നിരീക്ഷണങ്ങളുടെയും, ഐആറുകളുടെയും പെട്ടെന്നുള്ള തീർപ്പാക്കൽ/ഓഡിറ്റ് ഖണ്ഡികകളുടെയും പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുമായി ബന്ധപ്പെട്ട കാര്യങ്ങളുടെയും സമയത്തുള്ള നടപടിയെടുക്കൽ, എന്നീ നിർദ്ദേശങ്ങളുടെ ഹാൻഡ് ബുക്ക് അനുസരിച്ച് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയ ഓഡിറ്റ് ഖണ്ഡികകളുടെ മേൽ എടുത്ത നടപടികളുടെ സ്റ്റേറ്റ്മെന്റ്, ഓഡിറ്റ് റിപ്പോർട്ട് നിയമസഭയുടെ മേശപ്പുറത്ത് വച്ചശേഷം രണ്ടു മാസത്തിനുള്ളിൽ നേരിട്ട് നിയമസഭാ സെക്രട്ടറിയേറ്റിനും പകർപ്പുകൾ അക്കൗണ്ടന്റ് ജനറലിനും അയയ്ക്കേണ്ടതാണ്. ഭരണവകുപ്പുകൾ ഈ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. 2012-13 മുതൽ 2015-16 വരെയുള്ള കാലയളവിലെ 21 ഖണ്ഡികകൾക്കു മേൽ എടുത്ത നടപടികളുടെ സ്റ്റേറ്റ്മെന്റ് സമർപ്പിക്കാത്ത ഏഴ് വകുപ്പുകളുടെ 2017 സെപ്റ്റംബർ വരെയുള്ള വിശദവിവരം **അനുബന്ധം 1.2**-ൽ കൊടുത്തിരിക്കുന്നു.

### 1.7.4 പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ചർച്ച ചെയ്യാനുള്ള ഖണ്ഡികകൾ

2017 സെപ്തംബർ 30 വരെ 2012-13 മുതൽ 2015-16 വരെയുള്ള കാലയളവിലെ 15 വകുപ്പുകളുടെ 37 ഖണ്ഡികകൾ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ചർച്ച ചെയ്യാനുണ്ട് (**അനുബന്ധം 1.3**).